**KERALA ELECTRICITY EMPLOYEES' CONFEDERATION**
**INTUC**

KEEC

(Reg. No. 01-14/87 - Aff. 10485)
V.P MARAKKAR SMARAKA MANDIRAM
AMBUJAVILASOM ROAD, THIRUVANANTHAPURAM - 695 001
E-mail : keecintuchq@gmail.com, Web: www.intuckeec.com

| PATRON | PRESIDENT | WORKING PRESIDENT | GENERAL SECRETARY |
|---|---|---|---|
| K. MURALEEDHARAN M.P | K.P DHANAPALAN Ex.M.P<br>9447083300 | Adv. SIBYKUTTY FRANCIS<br>9447303578 | V.SUDHEER KUMAR<br>7012655030 |

No. KEEC/GL/2022/41

തിരുവനന്തപുരം
05.07.2022

സ്വീകർത്താവ്

ബഹു. ഡയറക്ടർ (ഫിനാൻസ്)
കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്
വൈദ്യുതിഭവനം, പട്ടം
തിരുവനന്തപുരം

സർ,

**വിഷയം :** ലീവ് സറണ്ടർ ആനുകൂല്യങ്ങൾ ഉടൻ നൽകുന്നത് സംബന്ധിച്ച്.

**സൂചന :** (1) ഞങ്ങൾ മുമ്പ് നൽകിയിട്ടുള്ള കത്തുകൾ
(2) Annual Report 2019-2020

KSEBL ജീവനക്കാരുടെ 1.1.2022 മുതലുള്ള DA കുടിശ്ശികയായിരിക്കുകയാണ്. അർഹതപ്പെട്ട DA നിഷേധിച്ചിരിക്കുന്നത് യാതൊരു വിധത്തിലും ന്യായീകരിക്കാവുന്ന കാര്യമല്ല. കോവിഡ് കാലത്തും പ്രതികൂല കാലാവസ്ഥയിലും 24 മണിക്കൂറും ജോലി ചെയ്യുന്ന KSEB ജീവനക്കാർക്ക് അർഹതപ്പെട്ട DA യും നാളുകളായി തടഞ്ഞുവച്ചിരിക്കുന്ന ലീവ് സറണ്ടറും ഉടൻ നൽകേണ്ടതാണ്. 2015 ലെ ദീർഘകാല കരാർ പ്രകാരം DA കൃത്യസമയത്ത് ലഭിക്കേണ്ടതാണ്. KSEB പോലൊരു വലിയ സ്ഥാപനത്തിന് പ്രത്യേകം ഡയറക്ടർ (ഫിനാൻസ്) വേണമെന്നത് ഞങ്ങൾ നിരന്തരമായി ആവശ്യപ്പെട്ടിരുന്ന കാര്യമാണ്. ചെയർമാനും മാനേജിംഗ് ഡയറക്ടറും ഫിനാൻസ് ഡയറക്ടറും എല്ലാം ഒരാൾ തന്നെ ആയിരുന്ന കാലം മാറി. ഇപ്പോൾ ഫിനാൻസ് ഡയറക്ടർ പ്രത്യേകം വന്ന സ്ഥിതിക്ക് ചില പ്രധാനപ്പെട്ട കാര്യങ്ങൾ അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. ലീവ് സറണ്ടർ സംസ്ഥാന സർക്കാരുമായി തുലനം ചെയ്യേണ്ട കാര്യമില്ല. കാരണം ഇവിടെ 3000 ത്തോളം ജീവനക്കാരുടെ കുറവുണ്ട്. ഈ ജോലികൾ ലീവ് എടുക്കാതെ ചെയ്യുന്നതുകൊണ്ടാണ് കാര്യങ്ങൾ ഭംഗിയായി പോകുന്നത്. സറണ്ടർ ലഭിക്കാതെ വരുമ്പോൾ ജീവനക്കാർ കൂട്ടമായി ലീവ് എടുക്കുന്ന സാഹചര്യം ഉണ്ടാകും. അത് KSEB യുടെ സുഗമമായ പ്രവർത്തനത്തെ ബാധിക്കും.

KSEB ക്ക് ഏതെങ്കിലും തരത്തിലുള്ള സാമ്പത്തിക ബാധ്യതകൾ ഉണ്ടായിട്ടുണ്ടെങ്കിൽ അതിന്റെ ഉത്തരവാദിത്തം തൊഴിലാളികൾക്ക് അല്ല. KFON, Transgrid, പുറപ്പുര സോളാർ തുടങ്ങിയ അധിക സാമ്പത്തിക ബാധ്യതകൾ ജീവനക്കാർക്ക് വരുത്തിയതല്ലല്ലോ. 2016 ൽ നിലവിലുണ്ടായിരുന്ന കടം കേവലം 3000 കോടി (KSEB ഉടലെടുത്ത നാൾ മുതൽ 2016 വരെ) ആയിരുന്നുവെങ്കിൽ ഇപ്പോൾ 16000 കോടിയിൽ എത്തിയെങ്കിൽ അതിന്മേൽ വിശദ അന്വേഷണവും പഠനവും നടത്തേണ്ടതാണ്. ഔദ്യോഗിക വാഹനം ഉപയോഗിക്കാൻ പാടില്ലാത്ത ഉദ്യോഗസ്ഥൻ അത് ഉപയോഗിച്ചതുപോലും ഒരു പരാതിയുടെ അടിസ്ഥാനത്തിൽ മാത്രമാണ് കണ്ടുപിടിക്കപ്പെട്ടത്. ആ തുക ഇതുവരെയും തിരിച്ച് അടച്ചിട്ടില്ലായെന്ന് മനസ്സിലാക്കുന്നു. സെക്ഷൻ ഓഫീസിന് സ്വന്തമായി സ്ഥലം വാങ്ങാൻ പാടില്ലായെന്ന് ബോർഡുത്തരവ് ഉള്ളപ്പോൾ 13 സെന്റ് സ്ഥലം 80 ലക്ഷത്തിനടുത്ത് മുടക്കി കൊല്ലത്ത് വാങ്ങിയതും ആ സ്ഥലത്തെ കെട്ടിടം ഇടിഞ്ഞ് വീഴാറായതും, സെക്ഷൻ ഓഫീസ് ഇപ്പോൾ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നതും ജീവനക്കാരുടെ പ്രശ്നം കൊണ്ടല്ല. KSEB യുടെ ഫണ്ട് ജനറൽ ബോർഡ് മീറ്റിംഗ് കൂടാതെ ചിലവാക്കിയതും കോവിഡ് കാലത്ത് ചില ഉന്നത ഉദ്യോഗസ്ഥർ വാഹനം ദുരുപയോഗം ചെയ്തതും ഭരണ രേഖകൾ പരിശോധിച്ചാൽ മനസ്സിലാകും. ബോർഡിന്റെ 2019-2020 Annual Report പേജ് 63 ൽ Audit ൽ പറയുന്നത് പ്രകാരം Transgrid ഉൾപ്പടെയുള്ള കോടികളുടെ പദ്ധതികളുടെ വിശദവിവരം നൽകാത്തതിനാൽ ആഡിറ്റർക്ക് അതിന്മേൽ കമന്റ് ചെയ്യുവാൻ സാധിച്ചിട്ടില്ലായെന്നാണ്. ഇത് കുറ്റകരമായ അനാസ്ഥയാണ്. പൊതു പണം ആകുമ്പോൾ വസ്തുതകൾ വസ്തുതാപരമായി ആഡിറ്റ് ചെയ്ത് പബ്ലിഷ് ചെയ്യേണ്ടതാണ്. KFON ബാധ്യതയും ഇതുപോലെ മറ്റൊരു പ്രധാനപ്പെട്ട വസ്തുതയാണ്.

കൂടുതൽ വസ്തതകളിലേയ്ക്ക് കടക്കുന്നില്ല. ധൂർത്ത് നടത്തുന്ന ഉദ്യോഗസ്ഥരെ നിലയ്ക്ക് നിർത്തുന്നതിനുള്ള നടപടി ബോർഡ് സ്വീകരിക്കണം. ആയതിനാൽ ജീവനക്കാരുടെ ന്യായമായ അവകാശങ്ങളായ മുടങ്ങിക്കിടക്കുന്ന DA യും ലീവ് സറണ്ടറും ഉടൻ നൽകുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

വിശ്വസ്തതയോടെ,

Sibykutty

വർക്കിംഗ് പ്രസിഡന്റ്